# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5152 26.03.2018 ൽ മറുപടിക്ക്**

**ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.കെ.വി.വിജയദാസ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ദീർഘദൂര യാത്രക്കാർക്ക് പ്രത്യേകിച്ചും സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപകാരപ്രദമായ രീതിയിൽ ശുചിമുറി സൗകര്യം, ലഘുഭക്ഷണ ശാല തുടങ്ങിയവ ഉൾക്കൊള്ളുന്ന പബ്ലിക് അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇതിനായി ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) മറ്റ് എന്തെല്ലാം സൗകര്യങ്ങളാണ് ഇത്തരം അമിനിറ്റി സെന്ററുകളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | സി) ദീർഘദൂര യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും, ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയിലറ്റ് സൗകര്യങ്ങളോടു കൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായാണ് വകുപ്പ് മന്ത്രി, ചെയർമാനായി, പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഈ കമ്പനി രൂപീകരിച്ചിരിക്കുന്നത്. ഭംഗിയായി രൂപകൽപനയും കൃത്യമായ പരിപാലനവും ഉറപ്പു വരുത്തി, സ്വയം പര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | പുരുഷൻമാർക്കും സ്ത്രീകൾക്കും, പ്രായാധിക്യമുള്ളവർക്കും, അംഗവൈകല്യമുള്ളവർക്കും പ്രത്യേകം പ്രത്യേകമായി ടോയ്‌ലറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണ ശാല, മെമന്റോ ഷോപ്പ്, വിശ്രമസൗകര്യം, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, കാറുകൾ കഴുകുന്നതിനുള്ള സൗകര്യം, പൂന്തോട്ടം തുടങ്ങിയവ അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് രൂപകല്പന ചെയ്ത് 24 മണിക്കൂറും പ്രവർത്തിപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. |
| ഡി) | ഇപ്രകാരമുള്ള അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ വിശദാംശം നൽകുമോ? | ഡി) | സംസ്ഥാനത്ത് അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് നടത്തിയ പ്രാഥമിക പരിശോധനയിൽ അനുയോജ്യമായ 34 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയുടെ വിശദമായ സാധ്യതാപഠനം നടത്തേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ